# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1726 14.08.2017 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

**വിനായകന്റെ മരണത്തിന് കാരണക്കാരായ പോലീസുകാർക്കെതിരെ ആത്മഹത്യാ പ്രേരണ കുറ്റം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി പോലീസ് വിനായകൻ എന്ന യുവാവിനെ കസ്റ്റഡിയിലെടുക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) പാവറട്ടി പോലീസ് സ്റ്റേഷനിലെ പ്രോസസ് സെർവർ ഡ്യൂട്ടിക്കാരനായ സിവിൽ പോലീസ് ഓഫീസർ 17/07/2017 തീയതി പകൽ 12.00 മണിയ്ക്ക് ഡ്യൂട്ടിക്കിടയിൽ മാനിനകുന്ന് ഭാഗത്ത് വിജനമായ സ്ഥലത്ത് രണ്ട് ആൺകുട്ടികൾ മോട്ടോർ സൈക്കിളിൽ വന്ന് ഒരു പെൺകുട്ടിയുമായി സംസാരിച്ച നിൽക്കുന്നത് കണ്ടു. പാവറട്ടി, ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ പരിധികളിൽ മോട്ടോർ സൈക്കിളിൽ എത്തി മാല പൊട്ടിക്കുന്ന സംഭവങ്ങൾ വ്യാപകമായതിനെത്തുടർന്ന് അന്വേഷണവും പരിശോധനയും നടത്തുന്നതിന് നിർദ്ദേശമുണ്ടായിരുന്നതിനാൽ മോട്ടോർ സൈക്കിളിൽ വന്ന ആൺകുട്ടികളെ ചോദ്യം ചെയ്യുകയും വാഹനത്തിന് രേഖകളില്ലെന്ന് കാണപ്പെട്ടതിനാൽ മോട്ടോർ സൈക്കിളുമായി പോലീസ് സ്റ്റേഷനിലേയ്ക്ക് എത്തുന്നതിന് നിർദ്ദേശിക്കുകയും, വിനായകനെ സിവിൽ പോലീസ് ഓഫീസർ ശ്രീജിത് തന്റെ ബൈക്കിലും ശരത്ത് എന്നയാൾ അവരുടെ കൈവശമുണ്ടായിരുന്ന മോട്ടോർ സൈക്കിളിലുമായി പാവറട്ടി പോലീസ് സ്റ്റേഷനിലേയ്ക്ക് എത്തുകയുമാണുണ്ടായത്. |
| (ബി) പോലീസ് അറസ്റ്റ് ചെയ്ത് വിട്ടയച്ച ശേഷം ആത്മഹത്യ ചെയ്ത വിനായകന് പോലീസ് കസ്റ്റഡിയിൽ മർദ്ദനം | (ബി) പോലീസ് കസ്റ്റഡിയിൽ വിനായകന് മർദ്ദനമേറ്റുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ പാവറട്ടി പോലീസ് |

| | | | |
|---|---|---|---|
| | ഏറ്റിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | | സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസർ ശ്രീജിത്, സീനിയർ സിവിൽ പോലീസ് ഓഫീസർ (ഗ്രേഡ്) സാജൻ എന്നിവർക്കെതിരെ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 826/2017 u/s 341, 323, 324 IPC & Sec. 3(2) V(a) SC/ST PoA Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സ് ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് ക്രൈം നമ്പർ 143/CR/OCW-III/PKD/2017 ആയി റീ-നമ്പർ ചെയ്ത് 02/08/2017 മുതൽ അന്വേഷിച്ചു വരുന്നു. |
| (സി) | വിനായകന്റെ മരണത്തിന് കാരണക്കാരായ പോലീസുകാർക്കെതിരെ ആത്മഹത്യാ പ്രേരണ കുറ്റത്തിന് കേസെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (സി) | പോലീസുകാർക്കെതിരെ നിലവിൽ IPC വകുപ്പ് 341, 323, 324 & Sec. 3(2) V(a) SC/ST PoA Act പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആത്മഹത്യാ പ്രേരണ കുറ്റം ഇപ്പോൾ ചുമത്തിയിട്ടില്ല. അന്വേഷണത്തിൽ ബോധ്യമാകുന്ന പക്ഷം പ്രസ്തുത വകുപ്പ് ഉൾപ്പെടുത്തുന്നതാണ്. |
| (ഡി) | ഇക്കാര്യത്തിൽ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | പാവറട്ടി പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസർ ശ്രീജിത്, സീനിയർ സിവിൽ പോലീസ് ഓഫീസർ (ഗ്രേഡ്) സാജൻ എന്നിവരെ തൃശ്ശൂർ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ എച്ച്.1/3834/2017/ആർ.സി. പ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 826/2017 u/s 341, 323, 324, 34 IPC & Sec. 3(2) V(a) SC/ST PoA Act പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ചിന്റെ നേതൃത്വത്തിൽ അന്വേഷണം നടന്നു വരുന്നു. ഗുരുവായൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഇ.ബാലകൃഷ്ണൻ, പാവറട്ടി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ അരുൺ ഷാ എന്നിവർക്കെതിരെ തൃശ്ശൂർ റെയ്ഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ എ.2(a)/പി.ആർ./32/എ.ബി./2017/ റ്റി.എസ്.ആർ തീയതി 29/07/2017 പ്രകാരം വാച്യാന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ട്. |

(ഇ) പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ഭയരഹിതരായി ജീവിക്കുന്നതിന് സാഹചര്യമൊരുക്കുവാൻ സർക്കാർ തയ്യാറാകുമോ?

(ഇ) പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ഭയരഹിതരായി ജീവിക്കുന്നതിന് വേണ്ടുന്ന എല്ലാ സാഹചര്യങ്ങളും നിലവിലുണ്ട്. ഇവർക്കെതിരെ അതിക്രമങ്ങൾ ഉണ്ടായാൽ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.